**നോമ്പുകാലം മൂന്നാം ഞായർ**

**മത്താ 20:17-28**

**അധികാരത്തോടെയല്ല, എളിമയോടെ...**

റവ. ഫാ. ജോൺ എഫ്. ചെറിയവെളി വിസി

യേശുവിന്റെ അമ്മയുടെ സഹോദരി സലോമിയുടെ മക്കളാണ് യാക്കോബും യോഹന്നാനും. കുരിശിന്റെ ചുവട്ടിൽ സെബദീപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു (മത്താ 27:56). വിശുദ്ധ മർക്കോസ് സലോമി എന്ന പേര് പ്രത്യേകം പറയുന്നുണ്ട് (മർക്കോ 15:40). സെബദി എന്നായിരുന്നു സലോമിയുടെ ഭർത്താവിന്റെ പേര്. യാക്കോബിനെയും യോഹന്നാനെയും ശിഷ്യന്മാരുടെ സമൂഹത്തിലേക്ക് യേശു പ്രത്യേകമായി ക്ഷണിച്ചത് ബൈബിളിൽ വിവരിക്കുന്നുണ്ട്: യേശു മുന്നോട്ടു നീങ്ങിയപ്പോൾ വേറെ രണ്ടു സഹോദരൻമാരെ കണ്ടു - സെബദീപുത്രനായ യാക്കോബും സഹോദരൻ യോഹന്നാനും. അവർ പിതാവുമൊത്ത് വഞ്ചിയിലിരുന്നു വല നന്നാക്കുകയായിരുന്നു. അവരെ യേശു വിളിച്ചു. തത്ക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച്, പിതാവിനെയും വിട്ട്, അവനെ അനുഗമിച്ചു (മത്താ 4:21-22). ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നർത്ഥമുള്ള ബൊവനെർഗസ് എന്ന പേരുകൂടി സെബദീപുത്രന്മാരായ യാക്കോബിനും സഹോദരൻ യോഹന്നാനും ഉണ്ടായിരുന്നു (മർക്കോ 3:16-17).

മൂന്നു വർഷങ്ങൾക്കുമുമ്പ് എല്ലാ ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച് അദ്ഭുതകരമായ മീൻപിടുത്തത്തിന് സാക്ഷികളായ ശേഷമാണ്. യേശുവിന് അദ്ഭുതങ്ങൾ ചെയ്തുപോലും തങ്ങളെ സഹായിക്കാൻ കഴിയുമെന്ന അറിവോടെയാണ് അവർ യേശുവിനെ അനുഗമിച്ചത്. സ്വന്തം കുരിശുമെടുത്ത് എന്റെ പിന്നാലെ വരാത്തവൻ എനിക്ക് യോഗ്യനല്ല എന്നു തുടങ്ങിയ യേശുവിന്റെ പഠനങ്ങൾ ഈ രണ്ടു ശിഷ്യരെയും അക്കാലത്ത് കാര്യമായി സ്പർശിച്ചിരുന്നില്ലെന്നു വേണം കരുതാൻ. നമുക്ക് ജറുസലേമിലേക്ക് പോകാം എന്ന യേശുവിന്റെ പ്രസ്താവന അവർക്കിഷ്ടപ്പെട്ടു. കാരണം, ജറുസലേമാണ് യഹൂദരുടെ ഭരണകേന്ദ്രം. യേശു റോമിന്റെ ഭരണത്തിൽ നിന്ന് യഹൂദരെ മോചിപ്പിച്ച് രാജാവായി സ്വയം പ്രഖ്യാപിക്കാനാണ് ജറുസലേമിലേക്ക് പോകുന്നതെന്നാണ് അവർ കരുതിയത്.

യേശു തന്റെ കുരിശിലെ മരണത്തെക്കുറിച്ച് പറഞ്ഞത് അവർ ശ്രദ്ധിച്ചതേയില്ല. അവർ പറഞ്ഞു: അങ്ങയുടെ മഹത്ത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലതുവശത്തും മറ്റെയാൾ ഇടത്തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമേ (മർക്കോ 10:35-45). ഇവരുടെ അമ്മയും ഇക്കാര്യം യേശുവിനോട് ആവശ്യപ്പെടുന്നുണ്ട്: സെബദീപുത്രന്മാരുടെ മാതാവ് തന്റെ പുത്രന്മാരോടുകൂടെ വന്ന് അവന്റെ മുമ്പിൽ യാചനാപൂർവം പ്രണമിച്ചു. യേശു അവളോടു ചോദിച്ചു: നിനക്ക് എന്താണു വേണ്ടത്? അവൾ പറഞ്ഞു: നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തുവശത്തും അപരൻ ഇടത്തുവശത്തും ഇരിക്കുന്നതിനു കൽപിക്കണമേ (മത്താ 20:21). സലോമി യേശുവിന്റെ അടുത്തുവന്നു ഇങ്ങനെ ചോദിക്കാൻ കാരണം മക്കളുടെ നിർബന്ധമാകാം. ഈ ചോദ്യത്തിന് യേശു നല്കിയ ഉത്തരം പ്രഥമ സ്ഥാനത്തെയും അധികാരത്തെയും കുറിച്ചുള്ള യേശുവിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതായിരുന്നു. ഈ വചനഭാഗത്തും ബൈബിളിൽ മറ്റു ചില സ്ഥലങ്ങളിലും അധികാരത്തെക്കുറിച്ച് പറയുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

1. **വിജാതീയ രാജാക്കന്മാരെപ്പോലെയല്ല ക്രിസ്ത്യാനികൾ അധികാരം ഉപയോഗിക്കേണ്ടത്:** വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം (മത്താ 20:25-27). അവൻ ഇരുന്നിട്ടു പന്ത്രണ്ടുപേരെയും വിളിച്ചു

പറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം. യേശു ഒരു ശിശുവിനെ എടുത്ത് അവരുടെ മധ്യേ നിറുത്തി. അവനെ കരങ്ങളിൽ വഹിച്ചു കൊണ്ടു പറഞ്ഞു: ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെയല്ല, എന്നെ അയച്ചവനെയാണ് സ്വീകരിക്കുന്നത് (മർക്കോ 9:35–37). മാതാപിതാക്കന്മാർ മക്കളിൽ കോപം ഉളവാക്കരുതെന്ന വിശുദ്ധ പൗലോസിന്റെ ഉപദേശം ഇത്തരുണത്തിൽ ഓർക്കുന്നത് നല്ലതാണ്. ശിശുവിന് ഒന്നും തിരിച്ചുതരാൻ കഴിവില്ല. തന്നെ ആരാണ് സഹായിച്ചതെന്ന് തിരിച്ചറിയാനുള്ള കഴിവു പോലും അതിനില്ല. ഇങ്ങനെയുള്ളവരെയും അധികാരികൾ ശ്രദ്ധിക്കണം. നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവനാണ് നിങ്ങളിൽ ഏറ്റവും വലിയവൻ (ലൂക്കാ 9:46–48). അധികാരികൾ ആവശ്യമില്ലെന്നല്ല; അധികാരത്തിന്റെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് യേശു പറഞ്ഞത്.

2. **അധികാരം ശുശ്രൂഷയാണ്:** അധികാരത്തെക്കുറിച്ച് യേശു നല്കിയ മറ്റൊരു പാഠം അന്ത്യത്താഴവുമായി ബന്ധപ്പെട്ട് നമുക്കു കാണാൻ കഴിയും. ശിഷ്യരുടെ പാദങ്ങൾ കഴുകിയ യേശു ശിഷ്യന്മാർക്ക് മാതൃകയാണ്. അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം യേശു മേലങ്കി ധരിച്ച് സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണ് നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരി തന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു (യോഹ 13:12–15). അധികാരം ശുശ്രൂഷയ്ക്ക് വേണ്ടിയുള്ളതാണ് എന്ന് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു.

3. **ഉത്തരവാദിത്വം നിറവേറ്റാനായി ത്യാഗങ്ങൾ സ്വീകരിക്കാൻ അധികാരികൾ തയ്യാറായിരിക്കണം:** യേശു പറഞ്ഞു: ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് (മത്താ 20:17–28). നല്ലയിടയൻ ആടുകൾക്കുവേണ്ടി ത്യാഗങ്ങൾ ഏറ്റെടുക്കാൻ തയ്യാറുള്ളവനാണ്. മക്കളുടെ പഠനത്തിന് പണം കണ്ടെത്താനായി സ്വന്തം ചിലവുകൾ ചുരുക്കുന്ന മാതാപിതാക്കന്മാരെ നമുക്ക് അറിയാമല്ലോ. ഇപ്രകാരം മറ്റുള്ളവർക്കായി കുറഞ്ഞ് തനിക്ക് ശുശ്രൂഷിക്കാനായി ഏൽപ്പിച്ചവരെ ഉയർത്താൻ നാം ശ്രദ്ധിക്കണം.

4. **സന്മനസ്സോടെ ലാഭേച്ഛയില്ലാതെ അധികാരശുശ്രൂഷ ചെയ്യുക:** വിശുദ്ധ പത്രോസ് സഭയിലെ അധികാരികൾക്ക് എഴുതി: ഒരു സഹശ്രേഷ്ഠനും ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏൽപിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബ്ബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സൻമാതൃക നല്കിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും (1 പത്രോ 5:1–4). ലാഭേച്ഛ കൂടാതെയാണ് അധികാരികൾ അവരുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടത് എന്ന് ഇന്നത്തെ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

5. **വിശ്വസ്തതയാണ് അധികാരിക്കു വേണ്ട ഒരു ഗുണം:** സഭയിലെ അധികാരത്തെക്കുറിച്ച് പ്രത്യേകമായിട്ടല്ലെങ്കിലും അധികാരിക്കുവേണ്ട ഒരു ഗുണത്തെക്കുറിച്ച് യേശു

തന്റെയൊരു ഉപമയിൽ പറയുന്നുണ്ട്. യേശു പറഞ്ഞു: കൊള്ളാം, നല്ലവനായ ഭൃത്യാ, ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നുകൊണ്ട് പത്തു നഗരങ്ങളുടെമേൽ നീ അധികാരിയായിരിക്കും (ലൂക്കാ 19:17). തന്നെ അധികാരം ഏല്പിച്ചവരോടും ജോലിയോടും വിശ്വസ്തതയുള്ളവരായിരിക്കണം അധികാരികൾ.

6. **അധികാരം ദൈവത്തിൽ നിന്നാണെന്ന് അംഗീകരിച്ച് നന്മ ചെയ്യുക:** വിശുദ്ധ പൗലോസ് അനുസരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന അവസരത്തിൽ അധികാരികളെക്കുറിച്ച് പറയുന്നത് നമുക്ക് ശ്രദ്ധിക്കാം: ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്... കീഴിലുള്ളവരുടെ നന്മയ്ക്കുവേണ്ടി ദൈവത്തിന്റെ ശുശ്രൂഷകനാണ് അധികാരി (റോമ 13:1–4). വിശുദ്ധ പൗലോസ് കോറിന്തോസിലെ സഭയ്ക്ക് എഴുതി: നിങ്ങളെ പടുത്തുയർത്താനാണ്, നശിപ്പിക്കാനല്ല കർത്താവ് ഞങ്ങൾക്ക് അധികാരം നല്കിയിരിക്കുന്നത് (2 കോറി 10:8). കീഴിലുള്ളവരുടെ നന്മയാണ് അധികാരികൾ ലക്ഷ്യംവയ്ക്കേണ്ടത്.